മാർഗ്ഗങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ സ്റ്റേറ്റ് ഹൈവേ, ഇപ്പോൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.റ്റി.പി)-യിൽ ഉൾപ്പെടുത്തി പരമാവധി വേഗത്തിൽ ഡെവലപ് ചെയ്യാനുള്ള നടപടികളാണ് പി.ഡബ്ല്യൂ.ഡി. സ്വീകരിച്ചിരിക്കുന്നത്. റോഡുകൾ പരമാവധി മെച്ചപ്പെടുത്താം. പക്ഷേ അതുകൊണ്ട് മാത്രം അപകടങ്ങൾ കുറയ്ക്കാൻ സാധിക്കില്ല. സമഗ്രമായിട്ടുള്ള ഒരു അപ്രോച്ച് ഇക്കാര്യത്തിൽ വേണം. റോഡ് സൗകര്യം വർദ്ധിപ്പിക്കണം, ട്രാഫിക് നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം, ശരിയായ ബോധവൽക്കരണം കാൽനട യാത്രക്കാർക്കും ഡ്രൈവർമാർക്കും ഉണ്ടാകത്തക്ക വിധത്തിൽ കാര്യങ്ങൾ കൊണ്ടുപോകണം. ഇതെല്ലാം കൂടിയിട്ടുള്ള സമഗ്രമായ ഒരു അപ്രോച്ച് ഇക്കാര്യത്തിൽ ഉണ്ടായെങ്കിലേ ഇന്ന് നമ്മളെയെല്ലാം ഭയപ്പെടുത്തുന്ന വിധത്തിലുള്ള ഈ റോഡപകട നിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളു.

(2) നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ കാർഗോ വിഭാഗത്തിൽ വിദേശ മലയാളികൾ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. ഉമേഷ് ചള്ളിയിൽ:</u> സർ, ഗൾഫ് മലയാളികൾ അവരുടെ കേരളത്തിലേക്കുള്ള മടക്കയാത്രയിൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ കാർഗോ വിഭാഗത്തിൽ അനുഭവിക്കേണ്ടി വരുന്ന പ്രധാന പ്രശ്നത്തിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഡെമറേജ് നിരക്കിൽ യാത്രക്കാർ നൽകേണ്ടി വരുന്ന അമിത ചാർജിന്റെ കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഗൾഫിൽ നിന്നും മടങ്ങുന്നവർ, അവർക്ക് ടിക്കറ്റ് കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന തീയതിക്ക് മുൻപു തന്നെ അവരുടെ ബാഗേജുകളും ചരക്കുകളും ബുക്ക് ചെയ്ത് അയയ്ക്കുകയാണ് പതിവ്. നല്ലൊരു വിഭാഗം ഗൾഫ് മലയാളികൾക്കും പ്രത്യേകിച്ച് വീട്ടുവേലക്കാർ, ജോലി നഷ്ടപ്പെട്ട് മടങ്ങുന്നവർ എന്നിവർക്കൊക്കെ അവർ ഉദ്ദേശിക്കുന്ന സമയത്ത് മടങ്ങാൻ പറ്റാറില്ല. അങ്ങനെ അവരുടെ സാധനങ്ങൾ നേരത്തെതന്നെ ഇവിടെ എത്തുകയും അയച്ച ആളിന് ഇത് കൈപ്പറ്റാൻ നിശ്ചിത സമയത്തിനുള്ളിൽ കഴിയാതാവുകയും ചെയ്യുമ്പോൾ വളരെ ഭീമമായ തുക ഇവർക്ക് വിമാനത്താവളത്തിൽ അടയ്ക്കേണ്ടി വരികയാണ്. പല കാരണങ്ങൾ കൊണ്ടും മലയാളികൾക്ക് എയർപോർട്ട് നിശ്ചയിച്ചിരിക്കുന്ന അഞ്ച് ദിവസത്തിനുള്ളിൽ അവരുടെ ബാഗേജ് കൈപ്പറ്റാൻ കഴിയാറില്ല. ലേബർ ക്യാമ്പുകളിലും മറ്റും താമസിച്ച് ജോലി ചെയ്യുന്നവർ കൃത്യമായി എന്ന് ടിക്കറ്റ് കിട്ടുമെന്ന് അറിയാത്തവരാണ്. ബാഗേജ് മുൻകൂട്ടി അയച്ചാലും ഇവർ ടിക്കറ്റും ലീവും കിട്ടി മടങ്ങുന്നത് ആഴ്ചകൾ കഴിഞ്ഞിട്ടായിരിക്കും. അഥവാ ബാഗേജ് അയച്ചയാൾ നാട്ടിലേക്ക് എത്തിയാലും ബാഗേജ് എത്തിയ വിവരം പോസ്റ്റൽ ഡിലേമൂലം യാത്രക്കാർ അറിയാതിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

നെടുമ്പാശ്ശേരിയിലെ ഡെമറേജ് ചാർജ് ആദ്യ അഞ്ച് ദിവസത്തിനുള്ളിൽ ബാഗേജ് കൈപ്പറ്റിയാൽ ചാർജ്ജൊന്നുമില്ല. ആറാമത്തെ ദിവസം കിലോഗ്രാമിന് ഒരു രൂപ, ഏഴാമത്തെ ദിവസം കിലോഗ്രാമിന് രണ്ട് രൂപ, പക്ഷേ എട്ടാമത്തെ ദിവസം കിലോഗ്രാമിന് ഒൻപത് രൂപ നിരക്കിലാണ് ഈടാക്കുന്നത്. ഇങ്ങനെ വരുമ്പോൾ മുപ്പതാമത്തെ ദിവസം കിലോഗ്രാമിന് 53 രൂപ വരും. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിരവധി യാത്രക്കാരുടെ കണ്ണുനീർ അക്ഷരാർത്ഥത്തിൽ ഇങ്ങനെ വീഴുന്നുണ്ട്. രണ്ട് തരം യാത്രക്കാരാണ് ഇങ്ങനെ അവരുടെ ബാഗേജ് ബുക്ക് ചെയ്ത് അയയ്ക്കുന്നത്. സമ്പന്നരായ ഗൾഫ് മലയാളികളും, പാവപ്പെട്ട ഗൾഫ് മലയാളികളും. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവർ ഡെമറേജ് ചാർജ് അറിയാത്തവരും അറിഞ്ഞാൽത്തന്നെ ഇത് താങ്ങാൻ കഴിയാത്തവരുമാണ്. ശരാശരി 100 കിലോഗ്രാമെങ്കിലും കൊണ്ടുവരാത്തവർ ഇവിടെ കുറവാണ്. ഗൾഫ് ഉപേക്ഷിച്ച് വരുന്ന പലരും ഈ ചാർജ് താങ്ങാനാകാതെ വരുമ്പോൾ ചരക്ക് വാങ്ങാതെ ഉപേക്ഷിക്കുകയാണ് പതിവ്. പഴയ വസ്ത്രങ്ങളും ഗൃഹോപകരണങ്ങളും ഉപയോഗിച്ച സാധനങ്ങളുമൊക്കെയായിട്ട് മടങ്ങുന്ന, ഗൾഫിൽ ആയമാരായിട്ടൊക്കെ ജോലി ചെയ്യുന്ന പാവപ്പെട്ടവർക്ക് 50,000 രൂപ വരെയാണ് ഡെമറേജ് ചാർജായിട്ട് അടയ്ക്കേണ്ടി വരുന്നത്. ഇവരുടെ കണ്ണുനീർ വിമാനത്താവളത്തിലെ സ്ഥിരം കാഴ്ചയാണ്. ഇത്തരക്കാർക്ക് ഭൂരിപക്ഷത്തിനും ചരക്ക് വാങ്ങാൻ കഴിയാതിരിക്കുന്നു. നിയമം അനുസരിച്ച് 30 ദിവസം കഴിയുമ്പോൾ ഈ ബാഗേജ് മുഴുവൻ കസ്റ്റംസിലേക്ക് മുതൽകൂട്ടുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആയമാരും തൊഴിലാളികളും ലേബർ ക്യാമ്പിൽ ജോലി ചെയ്യുന്നവരും അടക്കമുള്ളവർ നാലും അഞ്ചും വർഷം ജോലി ചെയ്ത് മടങ്ങുമ്പോഴുള്ള അവരുടെ സമ്പാദ്യം അവർക്ക് വേദനയോടെയാണ് ഉപേക്ഷിക്കേണ്ടി വരുന്നത്. ഇങ്ങനെ യാത്രക്കാർ കൈപ്പറ്റാതെ ഉപേക്ഷിക്കുന്ന ചരക്ക് വിമാനത്താവളത്തിലെ കാർഗോ സെക്ഷനിൽ കുമിഞ്ഞു കൂടുന്നത് വിമാനത്താവളത്തിനുതന്നെ വൻ അസൗകര്യമാണ്. ഏറെ നാളുകൾ കഴിഞ്ഞ് ഇത് ലേലം ചെയ്യുമ്പോൾ ഈ ബാഗേജുകളിലെ വസ്തുക്കൾക്ക് അവയുടെ യഥാർത്ഥത്തിലുള്ള വിലയുടെ പത്തിലൊന്ന് പോലും വില ലഭിക്കാറില്ല. ഉപയോഗിച്ച വസ്തുക്കൾ, തുണികൾ എന്നിവയുടെ കാര്യത്തിൽ ഇത് ഡെമറേജ് ചാർജിനേക്കാൾ വളരെ വളരെ കുറവായിരിക്കും. ആയതുകൊണ്ട് പാവപ്പെട്ട ഗൾഫ് മലയാളികളിൽ നിന്നും ഈടാക്കുന്ന ഡെമറേജ് ചാർജ് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന അന്താരാഷ്ട്ര കാർഗോയും ആഭ്യന്തര കാർഗോയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനി തന്നെയാണ് 2000 മുതൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഓരോ വിമാനത്തിലും എത്തുന്ന കാർഗോയിലെ ബാഗേജുകൾക്ക് അപ്പോൾത്തന്നെ റൊട്ടേഷൻ നമ്പർ നൽകി സ്റ്റോറേജ് ഏരിയയിൽ

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുകയാണ് ചെയ്യുന്നത്. എയർവേ ബില്ലിന്റെ വിശദാംശങ്ങളും മറ്റും കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തുന്നു. യാത്രക്കാരൻ ക്ലിയറൻസിനായി വരുമ്പോൾ ഡെലിവറി ഓർഡറും, ഹാൻഡ്ലിംഗ് ചാർജും, ചാർജ് ബില്ലും നൽകുന്നു. ചാർജ് സ്വീകരിക്കാൻ ഫെഡറൽ ബാങ്കിന്റെ കൗണ്ടറും എയർപോർട്ടിൽ തന്നെയുണ്ട്. തുടർന്ന് യാത്രക്കാരൻ കസ്റ്റംസ് ക്ലിയറൻസ് വാങ്ങി എത്തുമ്പോൾ ഗേറ്റ് പാസ് നൽകുകയും ബാഗേജ് എയർപോർട്ടിന് പുറത്ത് നൽകുകയും യാത്രക്കാർക്ക് സ്വന്തം വാഹനത്തിൽ അവരുടെ ബാഗേജുകൾ കൊണ്ടുപോവുകയും ചെയ്യാവുന്നതാണ്. യാത്രക്കാർക്ക് കൗണ്ടറിന് മുൻപിൽ കാത്തുനിൽക്കേണ്ട കാര്യമില്ല. കാർഗോ ഓപ്പറേഷൻ ബില്ലുകൾ മുഴുവനായി കമ്പ്യൂട്ടർവൽക്കരിച്ചതിനാൽ കൊച്ചിയിലെ കാർഗോ ഓപ്പറേഷൻ വളരെ വേഗതയുള്ളതും കൂടാതെ ഹാൻഡ്ലിംഗ് ചാർജും വെയർഹൗസിംഗ് ചാർജും ഇൻഡ്യയിലെ മറ്റ് എയർപോർട്ടുകളെ അപേക്ഷിച്ച് വളരെ കുറവുമാണ്. 5 പ്രവൃത്തി ദിവസത്തിന് യാതൊരു ചാർജുമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതിനുശേഷം ചാർജ് ഈടാക്കുന്നുണ്ട്. അത് ഓരോ ദിവസവും കൂടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കും എന്നുപറഞ്ഞത് നിശ്ചയമായിട്ടും പരിഗണിക്കാം. അതിനകത്ത് എത്രമാത്രം കുറവ് ചെയ്യാൻ പറ്റുമെന്നുള്ളത് പരിശോധിക്കാൻ കമ്പനിയോട് ആവശ്യപ്പെടുന്നതാണ്. കസ്റ്റംസ് ഡ്യൂട്ടിയും മറ്റ് ചാർജുകളും കസ്റ്റംസ് വകുപ്പ് നേരിട്ടാണ് സ്വീകരിക്കുന്നത്. എയർ കാർഗോയിലെ ജീവനക്കാർ യാത്രക്കാരോട് വളരെ സൗഹാർദ്ദത്തോടും വിനയത്തോടുമാണ് പെരുമാറുന്നതെന്നാണ് കമ്പനിയുടെ അഭിപ്രായം. അതിന് വ്യത്യസ്തമായി എന്തെങ്കിലും അനുഭവം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് കർശനമായിട്ടുള്ള സമീപനം തന്നെ സ്വീകരിക്കുന്നതാണ്. യാത്രക്കാർക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ പ്രത്യേകമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന് വ്യത്യസ്തമായി എന്തെങ്കിലും സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിക്കുന്നതാണ്.

<u>ശ്രീ. ഉമേഷ് ചള്ളിയിൽ</u> : ഗൾഫിൽ നിന്നും മടങ്ങുന്ന സാധാരണ തൊഴിലാളികളേയും ജോലി നഷ്ടപ്പെട്ട് മടങ്ങുന്നവരേയും ഈ ഡെമറേജ് ചാർജിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം. അതോടൊപ്പം തന്നെ ചരക്ക് കൈപ്പറ്റുന്നതിന് 5 ദിവസം എന്നുള്ളത് വളരെ കുറഞ്ഞ സമയമാണ്. പ്രത്യേകിച്ച് പോസ്റ്റൽ ഡിലേ ഉണ്ടാകുമ്പോൾ ഒരുപാട് നഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. അതൊരു 15 ദിവസമായെങ്കിലും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയുമോ എന്നുള്ളതുകൂടി പരിശോധിക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഇതുസംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കമ്പനിയാണ്. ഈ നിർദ്ദേശം അവരുടെ ശ്രദ്ധയിൽപ്പെടുത്താം. ഏതെങ്കിലും വിധത്തിൽ മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കാൻ ആവശ്യപ്പെടാം.

LIBRARY ARCHIVES Kerala Legislative Assembly